പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1518 | | 15.06.2012 ൽ മറുപടിയ്ക്ക് |
|---|---|---|
| മാതൃകാ അംഗൻവാടി | | |
| ചോദ്യം | | ഉത്തരം |
| ശ്രീ. ജെയിംസ് മാത്യു | | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | മണ്ഡലത്തിൽ ഒരു അംഗൻവാടി 'മാതൃകാ അംഗൻവാടി'യായി ഉയർത്തുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കുമോ; | (എ) ഒരു നിയോജക മണ്ഡലത്തിൽ ഒരു മാതൃകാ അംഗൻവാടി എന്ന ക്രമത്തിൽ 140 മാതൃകാ അംഗൻവാടികൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇവയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു. |
| (ബി) | ഇതിലേക്കായി പരിഗണിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | (ബി) ഒരു നിയോജക മണ്ഡലത്തിൽ ഒരു മാതൃകാ അംഗൻവാടി എന്ന ക്രമത്തിൽ 140 മാതൃകാ അംഗൻവാടികൾ നിർമ്മിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിലേയ്ക്കായി 10 സെന്റ് സ്ഥലവും ബന്ധപ്പെട്ട എം.എൽ.എ യുടെ ശുപാർശ കത്തും സ്ഥലത്തിന്റെ സ്കെച്ച്, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് എന്നിവയും ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്ത് പുറമ്പോക്ക് സ്ഥലമാണെങ്കിൽ ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനവും ആവശ്യമാണ്. |
| (സി) | തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ ഏത് അംഗൻവാടിയാണ് മാതൃകാ അംഗൻവാടിയായി ഉയർത്തുന്നതിന് പരിഗണനയിൽ ഉള്ളതെന്നും ആയതിലേക്കായി സ്വീകരിച്ചിട്ടുള്ള നടപടികളും വ്യക്തമാക്കാമോ? | (സി) ടി നിയോജക മണ്ഡലത്തിലെ 110-ാം നമ്പർ അംഗൻവാടിയെ മാതൃകാ അംഗൻവാടിയാക്കി മാറ്റുന്നതിന് ബന്ധപ്പെട്ട എം.എൽ.എ ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത അംഗൻവാടിയെ മാതൃകാ അംഗൻവാടിയാക്കി മാറ്റുന്നതിന് ആവശ്യമായ മറ്റ് നടപടികൾ എടുത്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ